**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3979** **06-08-2021 - ൽ മറുപടിയ്ക്ക്**

**സാഹിത്യ അക്കാദമിയുടെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീമതി ദെലീമ,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. എച്ച്. സലാം** | | **Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | രാജ്യത്തെ സാംസ്കാരിക സ്ഥാപനങ്ങളെ പുരോഗമന ചിന്തകൾക്കും മാനവികതയ്ക്കും എതിരായ ദിശയിലേക്ക് രൂപമാറ്റം നടത്തുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ സാംസ്കാരിക കേന്ദ്രങ്ങളുടെ പ്രവർത്തനം ഒരു ബദൽ സാംസ്കാരിക ഇടപെടലാക്കി മാറ്റുന്നതിന് മുൻ സർക്കാർ നടത്തിവന്ന പ്രവർത്തനങ്ങൾ ഈ സർക്കാർ പിൻതുടരുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) | സാഹിത്യ അക്കാദമിയുടെ പ്രവർത്തനങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിനും അക്കാദമിയുടെ പ്രവർത്തനം കൂടുതൽ ജനകീയമാക്കുന്നതിനും എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) | സാഹിത്യ അക്കാദമിയുടെ പ്രവർത്തനങ്ങൾ കാലോചിതമായി പരിഷകരിക്കാനും കൂടുതൽ ജനകീയമാക്കാനും ഉള്ള ശ്രമങ്ങളിലാണ് കഴിഞ്ഞ 5 വർഷം സാഹിത്യ അക്കാദമി ഏർപ്പെട്ടത്. കൃഷിക്കാരും തൊഴിലാളികളും അടങ്ങുന്ന ജനവിഭാഗങ്ങൾ, വനിതകൾ, ദളിത് വിഭാഗങ്ങൾ, ട്രാൻസ് ജെന്ററുകൾ, പാർശ്വവൽക്കരിക്കപ്പെട്ട മറ്റു ജനവിഭാഗങ്ങൾ എന്നിവർക്കു കൂടി അക്കാദമിയുടെ പ്രവർത്തനങ്ങളിൽ പങ്കാളിത്തമുണ്ടാകണം എന്ന് ഈ സർക്കാർ ആഗ്രഹിക്കുന്നുണ്ട്. അതോടൊപ്പം തന്നെ ഇന്ത്യൻ ജനാധിപത്യത്തിനും ഇന്ത്യയുടെ മതേതര ചിന്തക്കും ഇന്ത്യയുടെ ബഹുസ്വരസംസ്കൃതിയ്ക്കും കോട്ടം തട്ടുന്ന രീതിയിലുള്ള വർഗ്ഗീയ ശക്തികളുടെ പ്രവർത്തനങ്ങളെ ചെറുത്തു നിൽക്കാനും അക്കാദമി ശ്രമിച്ചുപോന്നിട്ടുണ്ട്. സംസ്കാരം എന്നത് ഒരു ഭൗതികശക്തിയാണ് എന്ന തിരിച്ചറിവോടെ അക്കാദമി ജനങ്ങൾക്കിടയിൽ പ്രവർത്തിക്കുന്നു. |
| (സി) | നിലവിൽ സാഹിത്യ അക്കാദമിയിൽ നടന്നുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ? | (സി) | കേരളപ്പിറവിയോടൊപ്പം രൂപംകൊണ്ട കേരള സാഹിത്യ അക്കാദമി 64-ാം വർഷം പൂർത്തിയാക്കുകയാണ്. ഇക്കാലമത്രയും കേരള |

| | | | |
|---|---|---|---|
| | | | സാഹിത്യ അക്കാദമി സാംസ്കാരിക രംഗത്ത് ശ്രദ്ധേയമായ നിരവധി ഇടപെടലുകൾ നടത്തിപ്പോന്നിട്ടുണ്ട്. സമൂഹത്തിന്റെ വിവിധ മേഖലയിൽപ്പെട്ട എഴുത്തുകാരെ പ്രോത്സാഹിപ്പിക്കാനും, സ്വതന്ത്ര ചിന്തയുടെ വെളിച്ചം പ്രാദേശിക തലങ്ങളിൽ പ്രസരിപ്പിക്കാനും അക്കാദമി ശ്രമിച്ചു പോരുന്നുണ്ട്. പുസ്തകപ്രസാധനം, ആനുകാലികങ്ങൾ, സെമിനാറുകൾ, ക്യാമ്പുകൾ പ്രധാനപ്പെട്ട സാംസ്കാരിക രേഖകളുടെ ഡോക്യുമെന്റേഷൻ എന്നിങ്ങനെ വിവിധ രംഗങ്ങളിൽ അക്കാദമി കാലോചിതമായ രീതിയിൽ പ്രവർത്തിച്ചുപോന്നു. |

സെക്ഷൻ ഓഫീസർ